രാജ്യാന്തര ചലച്ചിത്രമേള
വാർത്താക്കുറിപ്പ്
Media Centre, IFFK 2007, Thiruvananthapuram - 695 010
Ph: 0471-2115111, 2310323, 2312214 Fax: 0471-2338326, E-mail: iffkmedia07@gmail.com

120/iffkmedia/07
13.12.2007

രാജ്യാന്തര ചലച്ചിത്രമേള

## ബാനിഷ്മെന്റ് - കുടുംബ ബന്ധ ശൂന്യതയുടെ ദയാരഹിതമായ ആവിഷ്ക്കാരം

സ്നേഹരഹിതമായ കുടുംബ ബന്ധങ്ങളുടെ യാന്ത്രികത ഹൃദയസ്പർശിയായി ചിത്രീകരിച്ച ആൻന്ദ്രേ സ്വാഗിൻസ്റ്റേവിന്റെ ബാനിഷ്മെന്റ് മേളയിലെ ഹൃദ്യമായി അനുഭവമായി. തന്റെ വിഖ്യാത ചിത്രമായ 'റിട്ടേൺ' പോലെ 'ബാനിഷ്മെന്റും' ശ്വാസമടക്കിപ്പിടിച്ചു മാത്രമേ കണ്ടുതീർക്കാൻ കഴിയുക.

അവധിക്കാലം ചെലവിടാൻ ഭാര്യയോടും കുട്ടികളോടുംമൊപ്പം ഗ്രാമ ഭവനത്തിലെത്തുകയാണ് അലക്സി. കുട്ടികൾ ഉറങ്ങിയ ശേഷം വൈകിയ രാത്രിനേരം അലക്സിയുടെ ഭാര്യ വേര താൻ ഗർഭിണിയാണെന്നും ഉള്ളിലുള്ള കുഞ്ഞ് അലക്സിയുടെതല്ലെന്നും പറയുന്നു. കുപിതനായി കയ്യിലിരുന്ന ഗ്ലാസ്സു വലിച്ചെറിഞ്ഞ് പുറത്തേക്ക് പോകുന്ന അലക്സി സഹോദരന്മാരുമായി ആലോചിച്ച് വേരയുടെ ഗർഭം അലസിപ്പക്കാൻ തീരുമാനിക്കുന്നു. എന്നാൽ താരതമ്യേന അപകടകരമല്ലാത്ത ഈ പ്രക്രിയയിൽ യേര മരിച്ചത് ഇതിനിടെ അവൾ മയക്കു ഗുളിക കഴിച്ചതിനാലാണെന്ന് ഡോക്ടർ വെളിപ്പെടുത്തുന്നു.

ചിത്രത്തിനൊടുവിൽ അലസിപ്പിക്കപ്പെട്ട ശിശു മാത്രമല്ല, വേരയുടെ ആദ്യരണ്ടു മക്കളും അലക്സിയുടേതല്ലെന്നും, വേരയുടെ കാമുകനായ റോബർട്ടിന്റെ കുട്ടികളാണെന്ന് അലക്സിക്കും അറിയാമായിരുന്നുവെന്ന് പ്രേക്ഷകരെ സ്വാഭാവികതയോടെ തന്റെ കുട്ടികളെ വീണ്ടെടുക്കാൻ വരുന്നുണ്ടെന്ന റോബർട്ടിന്റെ ഫോൺ സന്ദേശത്തിലൂടെ അറിയിക്കുകയാണ് സംവിധായകൻ ചെയ്യുന്നത്.

********